# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 23 25.04.2017 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## സർവീസ് ചട്ടങ്ങൾ ലംഘിക്കുന്ന കെ.എം.ഷാജഹാനെ സർവീസിൽ നിന്നും നീക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.യു. ആർ. പ്രദീപ് | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) അതീവ സുരക്ഷാ മേഖലയായി പ്രഖ്യാപിച്ച പോലീസ് ആസ്ഥാനത്തിനു മുൻപിൽ, ഡി.ജി.പി. യുമായി ചർച്ചയ്ക്ക് വന്ന ജിഷ്ണു പ്രണോയ് യുടെ അമ്മയ്ക്കും ബന്ധുക്കൾക്കും ഒപ്പം നുഴഞ്ഞുകയറി പ്രശ്നങ്ങൾ ഉണ്ടാക്കിയെന്ന കുറ്റം ചുമത്തി സി-ഡിറ്റ് ഉദ്യോഗസ്ഥനായ കെ.എം.ഷാജഹാനെ പ്രതി ചേർത്ത് പോലീസ് കേസ് എടുത്തിട്ടുണ്ടോ; | (എ) പോലീസ് ആസ്ഥാനത്തിനു മുൻപിൽ 05/04/2017-ാം തീയതി മരണപ്പെട്ട ജിഷ്ണു പ്രണോയിയുടെ ബന്ധുക്കൾ നടത്തിയ സമരത്തിനിടയിലുണ്ടായ സംഘർഷത്തിൽ പങ്കുള്ളതായി കണ്ടെത്തിയ ശ്രീ.കെ.എം.ഷാജഹാനെ പ്രതി ചേർത്ത് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 552/2017-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) സർക്കാർ സ്ഥാപനമായ സി-ഡിറ്റ് ലെ ഉദ്യോഗസ്ഥനായ കെ.എം.ഷാജഹാൻ, സർവീസ് ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ചാനലുകളിലും മറ്റും വന്ന് ചർച്ചകളിൽ പങ്കെടുത്ത് സർക്കാർ നയങ്ങളേയും പരിപാടികളേയും വിമർശിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നുവോ; | (ബി) ഉണ്ട്. |
| (സി) സേവനചട്ടങ്ങൾ നിരന്തരം ലംഘിച്ചു-കൊണ്ടിരിക്കുന്നതായി ആക്ഷേപമുള്ള കെ.എം.ഷാജഹാനെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) 10/04/2017-ലെ 163/എ 1/Admn/2017/C-DIT നടപടിക്രമ പ്രകാരം ശ്രീ.കെ.എം. ഷാജഹാനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അച്ചടക്ക നടപടി ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.